# A. P. No. 290/2007/SIC

| | | |
|---|---|---|
| ശ്രീ. എസ്. സുജിത്ത്,<br>വളായിൽ വീട്,<br>കുപ്പക്കയം പി. ഒ.,<br>മുണ്ടക്കയം. | } | ഹർജിക്കാരൻ |

Vs.

| | | |
|---|---|---|
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം<br>ശാന്തിനഗർ, തിരുവനന്തപുരം | } | എതൃകക്ഷി |

## ഉത്തരവ്

ഹർജിക്കാരൻ 26-4-2007-ൽ കമ്മീഷൻ മുമ്പാകെ ഒരു രണ്ടാം അപ്പീൽ സമർപ്പിച്ചു. പ്രസ്തുത രണ്ടാം അപ്പീലിനാധാരമായ കാര്യങ്ങൾ സംക്ഷിപ്തമായി ഇപ്രകാരം വിവരിക്കാം.

ഹർജിക്കാരൻ 2004-ൽ താൻ എഴുതിയ പ്രവേശന പരീക്ഷയെ സംബന്ധിച്ച ചില വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എതൃകക്ഷി മുമ്പാകെ 5-1-2007-ൽ ഒരു അപേക്ഷ സമർപ്പിച്ചു. തനിക്ക് റീ-അലോട്ട്മെന്റ് പ്രകാരം കോളേജ് മാററം കിട്ടുകയുണ്ടായോ? ഏത് റീ-അലോട്ട്മെന്റ് പ്രകാരം ഏത് കോളേജിലേക്കാണ് മാററം കിട്ടിയത്? കോളേജ് മാററം വിദ്യാർത്ഥിയെ അറിയിക്കുന്നതെങ്ങനെ? തുടങ്ങിയ കാര്യങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടത്. പ്രസ്തുത അപേക്ഷയ്ക്ക് 25-1-2007-ൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ട് 21-2-2007-ൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. 2004-ലെ ഒന്നാം ഘട്ട റീ-അലോട്ട്മെന്റിൽ ഉണ്ടായ കോളേജ് മാററം ആരെയെങ്കിലും ഗ്രീൻ കാർഡ് മുഖാന്തിരം അറിയിച്ചിരുന്നോ എന്ന് ഹർജിക്കാരൻ ആരായുകയുണ്ടായി. ഒന്നാം അപ്പീലിന് 27-3-2007-ൽ ലഭിച്ച മറുപടിയിൽ "ഗ്രീൻ കാർഡ് അയച്ചിരുന്നോ എന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകളൊന്നും ഇപ്പോൾ ഈ ഓഫീസിൽ ലഭ്യമല്ല" എന്നായിരുന്നു അപ്പീൽ അധികാരി മറുപടി നൽകിയത്. അതിൽ തൃപ്തനാകാതെ ആയിരുന്നു ഹർജിക്കാരൻ രണ്ടാം അപ്പീൽ സമർപ്പിച്ചത്.

രണ്ടാം അപ്പീൽ ഹർജി ലഭിച്ചതിനെ തുടർന്ന് കമ്മീഷൻ 2-7-2007-ൽ അപ്പീൽ അധികാരിയോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടു. 13-7-2007-ൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. "ഒന്നാം ഘട്ട റീ-അലോട്ടുമെന്റിനെക്കുറിച്ച് ഈ ആഫീസിൽ നിന്നിറക്കിയ 18-10-2004-ലെ പത്രക്കുറിപ്പിൽ വിവരങ്ങൾ വ്യക്തമായി നൽകിയിട്ടുണ്ട്. റീ-അലോട്ട്മെന്റ് പ്രകാരം കോളേജ് മാററം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രീൻ മെമ്മോ അയയ്ക്കുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും അതോടൊപ്പംതന്നെ ടി. സി. വാങ്ങുന്നതിനും പുതിയ കോളേജിൽ ചേരുന്നതിനും ഗ്രീൻ മെമ്മോയ്ക്കായി കാത്തിരിക്കേണ്ടതില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്". "അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾക്ക് നൽകുന്ന ഇൻഫർമേഷൻ ബ്രോഷറിന്റെ ക്ലാസ് 08-08-ൽ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാകമ്മീഷണറുടെ ഔദ്യോഗിക വെബ്സൈററ് ഇടയ്ക്കിടെ പരിശോധിച്ച് റീ-അലോട്ടുമെന്റ് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും നിഷ്ക്കർഷിച്ചിരുന്നു. ഇത്രയും വിപുലമായ പ്രചാരണം നൽകിയിട്ടും, പരാതിക്കാരൻ റീ-അലോട്ടുമെന്റ് സംബന്ധിച്ച വിവരങ്ങൾ അറിയാതെ പോയത് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്" എന്ന് വിശദീകരിച്ചിരുന്നു.

ആർക്കെങ്കിലും ഗ്രീൻകാർഡ് അയച്ചിരുന്നോ എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. അതിനാൽ അതു സംബന്ധിച്ച് കൂടുതൽ തെളിവെടുക്കുന്നതിനായി 10-10-2007-ൽ എതൃകക്ഷിയെ വിളിച്ചുവരുത്തുകയുണ്ടായി. 2004-ൽ പരീക്ഷ നടത്തിയത് വേറെ ആളുകളായിരുന്നുവെന്നും അവരോട്

അന്വേഷിച്ചപ്പോൾ ഗ്രീൻ കാർഡ് അയച്ചിരുന്നോ എന്ന കാര്യം അവർക്ക് വ്യക്തമായി ഓർക്കാൻ കഴിയുന്നില്ലെന്ന് അവർ മറുപടി നൽകിയതായും അദ്ദേഹം മൊഴി നൽകി. മാത്രമല്ല, ഓരോ വർഷത്തേയും പരീക്ഷ സംബന്ധിച്ച രേഖകൾ അടുത്ത പരീക്ഷയുടെ സമയം എത്തുമ്പോഴേക്കും നശിപ്പിക്കുന്ന രീതിയാണ് ആഫീസിൽ നിലനിൽക്കുന്നതെന്നും അദ്ദേഹം ബോധിപ്പിച്ചു.

ഗ്രീൻ കാർഡ് അയച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രേഖകൾ അവശേഷിക്കുന്നുണ്ടോയെന്ന് സമഗ്രമായ പുനരന്വേഷണത്തിലൂടെ തിട്ടപ്പെടുത്തി അഞ്ച് ദിവസത്തിനകം ഒരു അഫിഡവിററ് മുഖാന്തിരം ബോധിപ്പിക്കാൻ കമ്മീഷൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകി. അതനുസരിച്ച് സമർപ്പിച്ച, അഫിഡവിറ്റിൽ "as per the available records no green memo has been sent by post to any student" എന്ന് എതൃകക്ഷി ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷിയുടെ മൊഴിയും അഫിഡവിറ്റും അവിശ്വസിക്കാൻതക്ക കാരണങ്ങളൊന്നും കമ്മീഷൻ കാണുന്നില്ല. അതിന്റെ വെളിച്ചത്തിൽ ഈ രണ്ടാം അപ്പീൽ നിരസിച്ച് തീർപ്പ് കൽപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഇന്നേദിവസമായ 15-ാം തീയതി ഒക്ടോബർ 2007-ന് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു.